## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7615** | **23.7.2012-ന് മറുപടിക്ക്**

### പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) പകർച്ചവ്യാധികൾ പെട്ടെന്ന് വ്യാപിക്കുന്ന ഈ കാലത്ത് കൊതുകുകൾ വളരുന്നില്ലാ എന്നുറപ്പ് വരുത്തുന്നതിന് ഒരു പ്രത്യേക ദിവസം (ആഴ്ചയിൽ ഒന്നോ രണ്ടോ) ശുചിത്വ ദിനമായി ആചരിക്കുന്ന കാര്യം പരിഗണിക്കുമോ; | എ) 7.5.2012ലെ 25434/ഡിസി1/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം എല്ലാ ആഴ്ചയും ഒരു ദിവസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഡ്രൈഡേ ആചരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ദിവസം ശുചിത്വദിനമായി ആചരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) എങ്കിൽ ഗവൺമെന്റ് ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ പ്രചാരണം നടത്തി ശുചിത്വദിനം ആചരിക്കുന്നതിന് മുൻകൈ എടുക്കുമോ ? | ബി) സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മേൽ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ